പ്രതിസന്ധികൾ പ്രവർത്തന മികവ് തെളിയിക്കാനുള്ള അവസരങ്ങളാണ്. ജലനിരപ്പ് ഉയർന്നു കൊണ്ടിരിക്കുകയാണ്. സബ്സ്റ്റേഷനുകളിൽ ഇലക്ട്രിക്കൽ പാനലുകൾ സ്ഥാപിച്ചിരുന്ന പിറ്റുകളിലെ ജലനിരപ്പുയർന്നു പാനലിൽ മുട്ടിയാൽ സബ്സ്റ്റേഷൻ ഷട്ട്ഡൗൺ ചെയ്യേണ്ടിവരും. ഇലക്ട്രിക്കൽ പാനലുകളും അനുബന്ധ ഉപകരണങ്ങളും ഈർപ്പം നിറഞ്ഞ ഈ സാഹചര്യത്തിൽ കൂടുതൽ നേരം ഓഫ് ചെയ്തിടുന്നത് അവയുടെ പ്രവർത്തന മികവിനെയും ആയുർ ദൈർഘ്യത്തേയുംമോശമായി ബാധിക്കുമെന്നുള്ളതിനാൽ പരമാവധി നേരം ഇവയെ പ്രവർത്തനത്തിൽ നിലനിർത്തുക എന്നുള്ളതായിരുന്നു ഞങ്ങളുടെആദ്യലക്ഷ്യം. ഡ്യൂട്ടിക്കെത്തിയവരും ഡ്യൂട്ടികഴിഞ്ഞു പോകാതെ നിന്നവരും പല ടീമുകളായി പിരിഞ്ഞു എല്ലാ സബ്സ്റ്റേഷൻ പാനൽ പിറ്റുകളിൽ നിന്നുള്ള പമ്പിങ്ങ് തുടർന്നു. വാട്ടർ പമ്പുകൾ മുൻകൂട്ടി ശേഖരിച്ചു വെച്ചത് ഇതിനു സഹായകമായി. കൂടാതെ ഫയർ ടീമും അവരുടെ സി.എഫ്.ടി. ഉപയോഗിച്ച് ടെർമിനൽ 3 യിലെ സബ്സ്റ്റേഷനിൽ നിന്ന് വെള്ളം പമ്പ് ചെയ്യാൻ സഹകരിച്ചു. വെള്ളത്തിന്റെ അകത്തേക്കുള്ള ഒഴുക്ക് തടയാനായി മണൽ ചാക്കുകളും സബ്സ്റ്റേഷനുകളിൽ നിരത്തിയിരുന്നു. ശക്തമായ മഴ നിർത്താതെ പെയ്തതോടെ ജലനിരപ്പ് നിയന്ത്രണാതീതമായി ഉയർന്നു. ഇലക്ട്രിക്ക് പാനലുകളും അനുബന്ധ ഉപകരണങ്ങളും പുനരുപയോഗത്തിനു പ്രാപ്യമാകണമെങ്കിൽ ഓഫ് ചെയ്യണമെന്ന സാഹചര്യം വന്നു. ആദ്യം കാർഗോ വില്ലേജ് സബ്സ്റ്റേഷൻ ഷട്ട്ഡൗൺ ചെയ്തു. മണൽ ചാക്കുകൾ നിരത്തി ടെർമിനൽ സബ്സ്റ്റേഷൻ പരമാവധി നേരം പ്രവർത്തിക്കാൻ ശ്രമിച്ചെങ്കിലും ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിലാൽ സബ്സ്റ്റേഷൻ 11:30 ഓടെ ഷട്ട്ഡൗൺ ചെയ്തു. ഡ്യൂട്ടിഫ്രീ ഗോഡൗൺ ഉള്ളത് കൊണ്ട് പരമാവതി വൈകിപ്പിച്ചാണ് പവർ പ്ലാന്റ് സബ്സ്റ്റേഷൻ ഷട്ട്ഡൗൺ ചെയ്തത്. പവർ പ്ലാന്റ് ഡ്യൂട്ടിക്കാരനായ എൽദോ എം.എ. തിരിച്ചിറങ്ങുമ്പോഴേക്കും ചുറ്റുപാടുമുള്ള വെള്ളം മുട്ടിനു മുകളിലെത്തിയിരുന്നു.

12 മണിയോടെ ഏപ്രണിലെ വെള്ളം ടെർമിനൽ 3 നകത്തേക്കു ഇരച്ചു കയറാൻ തുടങ്ങിയതോടെ ടി 3 സബ്സ്റ്റേഷനും സർവീസ് ബിൽഡിംങ്ങും ഷട്ട്ഡൗൺ ചെയ്യേണ്ടതായി വന്നു. താൽകാലിക ഡീസൽ ജനറേറ്റർ ഡിപ്പാർച്ചർ ഫ്ളൈ ഓവറിൽ നേരത്തെ തയാറാക്കി വെച്ചിരുന്നത് കൊണ്ട് ടെർമിനൽ 3 മുഴുവനായും ഇരുൾ പൊതിയും മുൻപ് ടെർമിനൽ മാനേജറിന്റെ ക്യാബിനിലും അതിനോട് ചേർന്നുള്ള പരിസരത്തും അത്യാവശ്യം വേണ്ട ലൈറ്റുകൾ കൊടുക്കാൻ സാധിച്ചു. വളരെ പ്രധാനപ്പെട്ട ഉപകരണങ്ങൾ ഉള്ളതിനാൽ 110 കെ.വി

സബ്സ്റ്റേഷനിൽ തുടരാൻ തീരുമാനിച്ച നാലു പേരൊഴികെ ബാക്കി എല്ലാവരും ടി 3 ഡിപ്പാർച്ചറിൽ ഒത്തുചേർന്നു. ജലത്താൽ ചുറ്റപ്പെട്ട കുട്ടനാടൻ കരകൾ പോലെ ടെർമിനൽ ബിൽഡിങ്ങുകൾ ഏതാണ്ട് ഒറ്റപ്പെട്ടു കഴിഞ്ഞിരുന്നു. എയർസൈഡിൽ ചുറ്റുമതിൽ കവിഞ്ഞു നദി പോലെ കുത്തിയൊഴുകുന്ന ജലപ്രവാഹം. സിറ്റിസൈഡിൽ തറ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്ന ബട്ടർഫ്ളൈ ക്യാന്റീനും സോളാർ കാർ പാർക്കും. അനിശ്ചിതത്വത്തിന്റെ നിമിഷങ്ങളായിരുന്നു ഗോപാലകൃഷ്ണൻ സാറിന്റെ നേതൃത്വത്തിലുള്ള ചർച്ചകൾക്ക് ശേഷം ബർഗർ കിംഗ് മാനേജ്മെന്റ്, വൈദ്യുതി തരാമെങ്കിൽ എയർപോർട്ടിൽ പെട്ടുപോയവർക്കു വെള്ളം ഇറങ്ങുന്നതുവരെ ഭക്ഷണം തരാമെന്നുവാക്കുതന്നു. വൈദ്യുത കണക്ഷൻ നല്കുന്നതിനാവശ്യമായ കേബിളുകളും മറ്റും വെള്ളത്തിൽ മുങ്ങിയിരുന്നതിനാൽ പുതിയൊരു കണക്ഷൻ നൽകുന്നത് അത്ര എളുപ്പമായിരുന്നില്ല. എങ്കിലും ഇലെക്ട്രിക്കൽ സ്റ്റാഫിന്റേയും വോൾട്ടാസ് ജീവനക്കാരുടെയും കഠിന പരിശ്രമം കൊണ്ട് വൈകിട്ടോടെ ബർഗർ കിങ്ങിന് ജനറേറ്റർ സപ്ലൈ ശരിയാക്കാനായി.

പ്രളയത്തിന്റെ ഭീകരത വർദ്ധിക്കുകയായിരുന്നു. സന്ധ്യ കഴിഞ്ഞതോടെ എയർപോർട്ടിന്റെ ചുറ്റുപാടുമുള്ള പരിസരവാസികൾ വെള്ളപ്പൊക്ക ഭീഷണിയെത്തുടർന്ന് ഡിപ്പാർച്ചർ ഫ്ളൈഓവറിന്റെ മുകളിലേക്ക് അഭയം തേടിവന്നു. തുണി കൊണ്ടുപൊതിഞ്ഞ കൈക്കുഞ്ഞുങ്ങൾ മുതൽ വീൽ ചെയറിലുള്ള പ്രായമായവർ വരെ ഈ കൂട്ടത്തിലുണ്ടായിരുന്നു. ഡിപ്പാർച്ചറിന്റെ പുറത്തുണ്ടായിരുന്ന കസേരകളിലും കയ്യിൽ കരുതിയിരുന്ന തുണികൾ വിരിച്ചും പലരും രാത്രിക്കായി തയാറെടുത്തു. പുറത്തിരുന്ന പരിസരവാസികൾ ക്കായി രാത്രിതന്നെ താത്കാലികമായി ലൈറ്റുകൾക്കാവശ്യമായ, പുതിയകണക്ഷൻ, ചുരുങ്ങിയ സമയത്തിനുള്ളിൽ ശരിയാക്കി ലൈറ്റുകൾ തെളിയിച്ചു കൊടുത്തപ്പോൾ ലഭിച്ച കയ്യടി അതിനു വേണ്ടി പരിശ്രമിച്ച എല്ലാവരുടെയും മനസ് നിറക്കുന്നതായിരുന്നു. പരമാവധി നേരം 110 കെ.വി. സബ്സ്റ്റേഷൻ സുരക്ഷിതമായി പ്രവർത്തിപ്പിച്ചു ശേഷം രാത്രി 10:30 യോടെ ഇലക്ട്രിക്കൽ സൂപ്രണ്ട്സിന്റെ നാൽവർ സംഘം കഴുത്തറ്റം വെള്ളത്തിൽ നീന്തി ഡിപ്പാർച്ചറിലെത്തി. ഇരുട്ടും തോറും വീശുന്ന കാറ്റിന്റെ തണുപ്പും കൂടിവന്നു.

## 17/08/2018

കാർ പാർക്കിൽ നിന്നു വെള്ളത്തിൽ മുങ്ങിയ കാറുകളുടെ നിർത്താതെയുള്ള ഹോണടി ഒരു അലാറം പോലെ പുലരിയെ വരവേറ്റു. ഇന്നലെവരെ യാത്രക്കാർ നിറഞ്ഞു നിന്ന ടി 3 അറൈവലിലും ഡൊമസ്റ്റിക് ടെർമിനലിലും ചെളിവെള്ളം നിറഞ്ഞു പരന്നൊഴുകുന്നു. രണ്ടു വെല്ലുവിളികളാണ് മുന്നിലുള്ളത്. നിർത്താതെയോടുന്ന ജനറേറ്ററുകൾക്കു ഡീസൽ വേണം. അഭയാർഥികളും സ്റ്റാഫും ഉപയോഗിക്കുന്നതിനാൽ ടോയ്‌ലെറ്റിൽ വെള്ളം തീരുന്നതിനു മുൻപ്തന്നെ വാട്ടർ ടാങ്കിൽ വെള്ളം നിറയ്ക്കണം.

പരിസര പ്രദേശങ്ങളിലെ പെട്രോൾ പമ്പുകൾ എല്ലാം അടച്ചിരിക്കുകയാണ്. ദിനേശ് സർ പൊങ്ങത്തെ പെട്രോൾ പമ്പ് തുറന്നിട്ടുണ്ടെന്നു ഫോണിലൂടെ ഉറപ്പുവരുത്തി. പക്ഷെ അവിടംവരെ പോകുക വെള്ളം പൊങ്ങിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അത്ര എളുപ്പമല്ല. ടി 3 ഫ്ളൈയോവറിനടിയിൽ തന്നെ അരയ്ക്ക് മുകളിൽ വെള്ളമുണ്ട്. ഇലക്ട്രിക്കൽ ഡിപ്പാർട്മെന്റിലെ സന്ദീപ് വി.കെ. വണ്ടി ഓടിക്കാൻ സ്വമനസാ മുന്നോട്ടു വരികയും ബിബിൻ എംപിയും അലക്സ് വർഗീസും കൂടെ ചെല്ലാമെന്നു സമ്മതിക്കുകയും ചെയ്തു. അവരുടെ സാഹസികതയുടെ ഫലമായി ഉച്ചയോടെ രണ്ടു ദിവസത്തേക്ക് കൂടിയുള്ള ഡീസൽ എത്തിക്കാൻ സാധിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ഡീസൽ സംഭരിക്കാൻ ഫയർ ഡിപ്പാർട്മെന്റും സഹായിച്ചു

ഇനിയുള്ളത് വാട്ടർ ടാങ്കിലെ വെള്ളം നിറക്കലാണ്. പമ്പ് ഓപ്പറേറ്റ് ചെയ്യാൻ രണ്ടു ഓപ്ഷനുകളുണ്ട്. ഒന്ന് സർവീസ് ബിൽഡിംഗ് സബ്സ്റ്റേഷൻ ചാർജ് ചെയ്യണം. രണ്ടാമത്തേത് പമ്പിങ്ങിനു മാത്രമായി ജനറേറ്റർ ഓടിക്കണം. മണിക്കൂറിൽ 300 ലിറ്ററിലധികം ഡീസൽ ആവശ്യമുള്ള സർവീസ് ബിൽഡിംഗ് സബ്സ്റ്റേഷനിലെ ജനറേറ്റർ, വെള്ളപൊക്കം എത്രനാൾ തുടരുമെന്നതിനു ഒരുറപ്പില്ലാത്ത ഈ സാഹചര്യത്തിൽ പ്രവർത്തിപ്പിക്കുന്നത് ആത്മഹത്യാപരമാണു. അത്കൊണ്ട് 110 കെ.വി. സബ്സ്റ്റേഷനും സർവീസ് ബിൽഡിങ്ങും മാത്രം ചാർജ് ചെയ്തു വാട്ടർ പമ്പ് പ്രവർത്തിക്കാൻ ശ്രമിക്കാമെന്നു തീരുമാനിച്ചു. രണ്ടു ടീമുകളായി തിരിഞ്ഞു ഒരു ടീം 110 കെ.വി. സബ്സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനായും മറ്റൊരു ടീം സർവീസ് ബിൽഡിങ്ങിന്റെ നിലവിലെ അവസ്ഥ വിലയിരുത്താനായും സി.എസ്. എഫിന്റെ വണ്ടിയിൽ യാത്ര തിരിച്ചു. പമ്പിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിലയിരുത്താനായി സിവിൽ ഡിപ്പാർട്മെന്റിന്റെ ലിജുവും നിവേദും കൂടെ ഉണ്ടായിരുന്നു. പരിചയ സമ്പത്ത് വളരെ ചുരുങ്ങിയ സമയം



കൊണ്ട് സബ്സ്റ്റേഷന്റെയും ആളുകളുടെയും പൂർണ സുരക്ഷിതത്വം ഉറപ്പാക്കിതന്നെ 110 കെ.വി. സബ്സ്റ്റേഷൻ ചാർജ് ചെയ്യാൻ ഇലക്ട്രിക്കൽ ഡിപ്പാർട്മെന്റിലെ സ്റ്റാഫുകളെ സഹായിച്ചു. ചുരുങ്ങിയ സമയം കൊണ്ട് തന്നെ സർവീസ് ബിൽഡിങ്ങും ചാർജ് ചെയ്തു പമ്പിങ് ആരംഭിച്ചു. ഏതാണ്ട് 4 മണിയോടെ ടി 3 ടെർമിനൽ വാട്ടർ ടാങ്കുകളിൽ പരമാവധി വെള്ളം സംഭരിച്ചു.

## 18/08/2018

സാങ്കേതിക പ്രശ്നങ്ങൾ കെട്ടടങ്ങിയ പുതിയ പ്രഭാതത്തിൽ കൂടുതൽ വലച്ചത് മാനുഷിക പ്രശ്നങ്ങളാണ്. ബുധനാഴ്ച ശരീരത്തു കയറിയ വസ്ത്രങ്ങൾ അലോസരപ്പെടുത്തൽ തുടങ്ങിയിട്ട് കുറച്ചായി. സ്വന്തം വീട്ടിൽ വെള്ളം കയറിയ ഭീതി മാറാതെയുള്ള ജീവിത പങ്കാളിയുടെ വിളികൾക്കു മറുപടി പാടുപെടുന്ന ചിലർ. സ്വന്തം വീട്ടിലേക്കു മൂന്നു ദിവസമായി വിളിച്ചിട്ടും കിട്ടാതെ അവിടെ എന്ത് സംഭവിച്ചെന്നറിയാതെയുള്ള ആകുലതയിൽ വേറെ ചിലർ.

റാംസൺ ഷോപ്പിൽ നിന്ന് അത്യാവശ്യ വസ്ത്രങ്ങൾ എടുക്കാൻ കോമേഴ്സ് ഡിപ്പാർട്ടുമെന്റ് അനുമതി നൽകിയതും ഡെന്നി പാപ്പച്ചൻ വീട്ടിൽ നിന്ന് നീന്തി പോയെടുത്തു വന്ന വസ്ത്രങ്ങളും താത്കാലിക ആശ്വാസം നൽകി. അരക്കൊപ്പമുണ്ടായിരുന്ന വെള്ളം മുട്ടോളമായി കുറഞ്ഞിരുന്നു. ഡ്യൂട്ടിഫ്രീ ഗോഡൗണിലെ കുറയാതിരിക്കാൻ പവർ പ്ലാന്റ് സബ്സ്റ്റേഷൻ ചാർജ് ചെയ്യുക അത്യാവശ്യമായിരുന്നു. ഏകദേശം 12 മണിയോടെ പ്രാഥമിക സുരക്ഷാ ഉറപ്പുവരുത്തലുകൾക്കു ശേഷം ഡ്യൂട്ടിഫ്രീ ഗോഡൗണിലേക്കുള്ള വൈദ്യുതി പുനഃസ്ഥാപിക്കാനായി.

മഴയുടെ അളവ് കുറഞ്ഞത് പ്രതീക്ഷയുടെ നാമ്പുകൾ മുളപ്പിച്ചു. അങ്കമാലിയിലേക്കുള്ള റോഡ് ഗതാഗതവും പുനസ്ഥാപിക്കപ്പെട്ടു.

## 19/08/2018

മഴ മാറിയ തെളിഞ്ഞ വാനവും വെള്ളമിറങ്ങിയ ഭൂമിയും പുലരിയെ വരവേറ്റു. ജലകവചം മാറിയ ഭൂമിയെ സ്പർശിക്കുമ്പോൾ കൽപാദങ്ങൾക്ക് പതിവില്ലത്ത കുളിർമ. വെള്ളമിറങ്ങിയതിനാൽ പറ്റാവുന്നവരെല്ലാം ഓഫീസിൽ എത്തിതുടങ്ങിയിരുന്നു. മനുഷ്യന് ജീവിക്കാൻ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ ധാരാളമെന്ന് പഠിപ്പിച്ച കുറച്ചു ദിവസങ്ങളുടെ മായാത്ത ഓർമ്മകളുമായി ഇനി തിരികെ വീടുകളിലേക്കുള്ള മടക്കയാത്ര.










# ഓർമകളുടെ ഭാരം



**പവിത്രൻ വി. പി.**
സീനിയർ മാനേജർ,
സിയാൽ കാർഗോ

സിയാൽ പ്രവർത്തനമാരംഭിച്ച ശേഷം 1999 മുതലുള്ള എല്ലാ സ്വാതന്ത്ര്യ ദിനങ്ങളിലും പങ്കെടുക്കുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. വർഷങ്ങളോളം അർധ സൈനിക വിഭാഗമായ സി.ഐ.എസ്.എഫിലും അതിനുശേഷം എയർപോർട്ട് ഫയർ സർവീസിലും പുതിയ യൂണിഫോമിൽ അണിഞ്ഞൊരുങ്ങി പരേഡിൽ പങ്കെടുത്തിരുന്നതിന്റെ ഓർമ്മ നിലനിൽക്കുന്നതിനാലാകാം എന്നെ സംന്ധിച്ചിടത്തോളം വളരെ അഭിമാനകരമായ കാര്യമാണിത്.

ഓാഗസ്റ്റ് മാസം 14 ന് തന്നെ മഞ്ഞ, ഓറഞ്ച്, ചുവപ്പ് മുതലായ അലർട്ടുകളും, ഡാമുകൾ തുറക്കുന്നതിന്റെ വാർത്തകളും ക്ലിപ്പിങ്ങുകളുമെല്ലാം വളരെ ഉത്സാഹത്തോടെ ചാനലുകളിൽ വീക്ഷിച്ചിരുന്നു. വൈകുംതോറും അകാരണമായി എന്തോ സംഭവിക്കാൻ പോകുന്ന പോലെ ഒരു തോന്നലുണ്ടായിരുന്നു. കാരണം 2013 ലുണ്ടായ വെള്ളപ്പൊക്കത്തിന്റെ ഓർമ്മ തന്നെ.

നേരം പുലരുന്നതിന് മുമ്പ് തന്നെ എയർപോർട്ട് ഓപ്പറേഷൻ നിർത്തി വെച്ചു എന്ന വാർത്തയാണ് എന്നെ ഉണർത്തിയത്. അപ്പോഴും സ്വാതന്ത്രദിന ചടങ്ങുകൾ സ്വാഭാവികമായി തന്നെ നടക്കും എന്ന വിശ്വാസം ഉണ്ടായിരുന്നു. അതിനാൽ പുതിയ യൂണിഫോമിൽ രാവിലെത്തന്നെ തയ്യാറായി എയർപോർട്ടിലെത്തിച്ചേർന്നു.

വിമാനത്താവളത്തിന്റെ പുറത്താ മഴയായിരുന്നെങ്കിലും ജലനിരപ്പ് കാര്യമായി ഉയർന്നിട്ടുണ്ടായിരുന്നില്ല. നാലാം നമ്പർ ഗേറ്റ് വഴി അകത്ത് കയറിയപ്പോൾ കണ്ട കാഴ്ച വേദനാജനകമായിരുന്നു. ജലം നിറഞ്ഞു സമുദ്രം പോലെ കിടക്കുകയാണ്. ഏപ്രണും, റൺവേയുമെല്ലാം. പെട്ടന്നുതന്നെ കർത്തവ്യത്തിലേക്ക് കടന്നു. കാർഗോ വെയർഹൗസുകൾ എല്ലാം തന്നെ ചരക്കു നിറഞ്ഞു കിടക്കുന്നു. ആഗസ്റ്റ് 15 അവധി ആയതിനാൽ ഇറക്കുമതി സാധനങ്ങൾക്ക് ക്ലിയറൻസില്ല. ജലനിരപ്പ് പെട്ടന്നെങ്ങാനും കൂടിയാൽ ഇവിടെ ഞങ്ങൾ പല പാലറ്റുകളായി ഇറക്കിവയ്ച്ചിരിക്കുന്ന ചരക്കുകൾ ഉടമസ്ഥർ അതാരു തന്നെയായലും നശിക്കുന്നത് ജീവിതകാലം മുഴുവൻ അവർ അധ്വാനിച്ചുണ്ടാക്കിയ അവരുടെ സർവ്വതുമായിരിക്കും. അത് നശിക്കുവാൻ പാടില്ല. രക്ഷിച്ചേ തീരൂ.

വേറെ എവിടേക്കും മാറ്റിവെക്കാൻ സ്ഥലമില്ല. ഉള്ള സ്ഥലത്തുതന്നെ കയറുന്നത്ര ഉയരത്തിൽ കയറ്റി വയ്ക്കുകയേ നിവർത്തിയുള്ളൂ. അതിന് ആവശ്യമായ പാലറ്റുകൾ നമ്മുടെ കയ്യിൽ സ്റ്റോക്ക് ഇല്ലതാനും. അതിനുള്ള പോംവഴി ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് അറിയുന്നത് ടി-3 ക്ക് സമീപം ഏപ്രണിൽ 20 ടണ്ണോളം കാർഗോ എട്ട് ട്രോളികളിലായി കിടക്കുന്നു എന്ന്. ജലനിരപ്പ് ഉയർന്നു കൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ അത് ഏതുസമയത്തും മുങ്ങിപ്പോകാം. പോൾ സാറുമായി ആലോചിച്ച് എത്രയും പെട്ടന്ന് അത് തിരിച്ചുകൊണ്ടുവരാനുള്ള നടപടികൾ ആരംഭിച്ചു.

ജിപ്സിയിലും മൂന്നു ട്രാക്ടറുകളുമായി ഞങ്ങളുടെ സംഘം ഏപ്രണിലൂടെ ടി-3 യിലേക്ക് പുറപ്പെട്ടു. ടി-3 അടുക്കുന്തോറും ആഴം കൂടിവരികയാണ്. നന്നായി മഴയും പെയ്യുന്നുണ്ട്. അവിടെ കിടക്കുന്ന കാർഗോയിൽ ഒട്ടുമിക്കതും പച്ചക്കറിയും പഴവർഗ്ഗങ്ങളുമാണ്. ചെറിയ കാർട്ടൺ പെട്ടികളിൽ കിടക്കുന്നതിന്റെ ഏറ്റവും അടിയിലുള്ള പെട്ടിയേതെങ്കിലും ഒന്ന് നനഞ്ഞാൽ മതി അതിന്റെ ശക്തി ക്ഷയിക്കും. അതോടെ അതിനു മുകളിൽ അട്ടിയായി വെച്ചിട്ടുള്ള എല്ലാ പെട്ടികളും നിലം പൊത്തും. അതിനാൽ സാഹസികതയെക്കാൾ സൂക്ഷ്മമായി വേണം കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ.

എങ്കിലും നമ്മുടെ ജീവനക്കാർ അതു വളരെ സുരക്ഷിതമായി തന്നെ കൈകാര്യം ചെയ്തു. അതിവിദഗ്ദമായി ആ വെള്ളത്തിലൂടെ എല്ലാ ട്രോളികളും യാതൊരു കേടുപാടും കൂടാതെ കാർഗോ വെയർഹൗസിലെത്തിച്ചു. കുവൈറ്റ് എയർവേസിന്റേതായിരുന്നു അത്രയും കാർഗോ. കുറച്ചുകൂടി വൈകിയിരുന്നെങ്കിൽ പിന്നെ ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല.

ഇനി രണ്ട് കാര്യങ്ങളാണ് പ്രധാനമായും നിർവ്വഹിക്കേണ്ടത്. ഒന്ന്, നമ്മൾ രക്ഷിച്ചുകൊണ്ടുവന്നതും അല്ലാത്തതുമായി എക്സ്പോർട്ടിൽ ട്രോളികളിൽ ലോഡ് ചെയ്ത് വെച്ചിരിക്കുന്ന എല്ലാ കാർഗോയും പ്രത്യേകിച്ച് കേടായിപ്പോകുന്നവയെ തരം തിരിച്ചുവയ്ക്കുക. അതിനു ശേഷം അത് അതിന്റെ ഉടമസ്ഥരെ വിളിച്ചറിയിച്ച് തിരിച്ചു നൽകുക. മിശ്രമായി കിടക്കുന്ന ഇവയെ എണ്ണി തരം തിരിച്ചെടുക്കുക എന്നത് ഒരു നിസ്സാര

കാര്യമല്ല. എങ്കിലും അതിനു വേണ്ടി കുറച്ചു പേരെ നിയോഗിച്ചു. സി.പി.സിയിൽ ജോലി ചെയ്യുന്ന ഗ്ലോബൽ എന്ന കോൺട്രാക്ടറുടെ ജോലിക്കാരും സഹായിക്കാനെത്തി.

ഇനിയുള്ള ഓരോന്നിനേയും പുറത്ത് കൊണ്ടുവന്ന് അതാത് ഉടമസ്ഥരെ ഏൽപിക്കുക എന്നുള്ളതാണ്. അതിന് ഉടമസ്ഥർ എത്തിയേ തീരൂ. ട്രോളികൾ കാലിയാക്കി നിലത്തിറക്കി വെക്കുമ്പോൾ തന്നെ മറ്റൊരു വശത്തുകൂടി ഉയർത്തി വെക്കാനുള്ള നടപടികളും ആരംഭിച്ചു. പെട്ടന്ന് ഏപ്രൺ ഭാഗത്ത് പാർക്ക് ചെയ്തിരുന്ന ബി. ഡബ്ല്യു. എഫ്. എസ്., എയർ ഇൻഡ്യ മുതലായവരുടെ ഡോളികൾ ശ്രദ്ധയിൽപെട്ടു. ഉടനെ എടുക്കുകയാണെങ്കിൽ മുങ്ങുന്ന ഡോളികളെ രക്ഷപ്പെടുത്തുകയും അതോടൊപ്പം തന്നെ നമ്മുടെ സാധനങ്ങൾ രണ്ടടിയോളം ഉയർത്തി വെക്കാനും സാധിക്കും.

കഴിയുന്നത്ര ഡോളികൾ കൊണ്ടുവന്ന് അവയിൽ കാർഗോ ഉയർത്തി വെച്ചു. ശക്തമായ മഴ കാരണം വെയർഹൗസിനകത്ത് പലയിടത്തും റൂഫ്ഷീറ്റുകൾ ചോരുന്നുണ്ട്. ഉയർത്തിവെച്ച കാർഗോ മഴ നനയാതിരിക്കാൻ പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് മൂടി വെച്ചു. കാറ്റിൽ പറന്നു പോകാതിരിക്കാനുള്ള നടപടിയും സ്വീകരിച്ചു.

പച്ചക്കറികൾ ഇറക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ പല ഉടമസ്ഥരും അവരവരുടെ കാർഗോ തിരിച്ചെടുത്തുകൊണ്ടുപോയത് വലിയൊരു ആശ്വാസമായിരുന്നു. കാരണം അത്രയും പാലറ്റുകൾ കാലിയായിക്കഴിഞ്ഞു. അത് നമുക്കു മറ്റുള്ള കാർഗോ ഉയർത്തി വെക്കാൻ ഉപയോഗിക്കാം. മൂന്നു നാലു പാലറ്റെങ്കിലും ഒന്നിനു മുകളിലൊന്നായി ചേർത്തുവെച്ചാൽ ഒന്നര അടിയൊളം ഉയർത്താം. കുറച്ചു ഉയർത്തിക്കഴിഞ്ഞപ്പോൾത്തന്നെ കയ്യിലുണ്ടായിരുന്ന പാലറ്റുകൾ തീർന്നു. ഇനി ബാക്കിയുള്ളവ ഉയർത്താനുള്ള മാർഗ്ഗം ആലോചിച്ചപ്പോളാണ് ഡ്യൂട്ടി ഫ്രീ വെയർഹൗസിനു മുന്നിലുള്ള മരപ്പാലറ്റുകളുടെ കാര്യം ഓർത്തത്. നേരത്തേതന്നെ ഒരു ഫോർക്ക് ലിഫ്റ്റ് മുൻവശത്ത് നിർത്തിയിരിക്കുന്നതുകൊണ്ട് കാര്യങ്ങൾ കുറച്ചു കൂടി എളുപ്പമായി.

പതിനഞ്ചിന് വൈകുന്നേരം ആയപ്പോഴേക്കും സഹപ്രവർത്തകരിൽ പലരുടേയും ഫോൺകോളുകൾ വരാൻ തുടങ്ങി. വീട്ടിൽ വെള്ളം കയറിയിരിക്കുന്നു. രാത്രി ഡ്യൂട്ടിക്കെത്താൻ സാധിക്കില്ല എന്നുള്ളതാണ് മിക്ക കോളുകളിലേയും ഭാഷ്യം. ഡ്യൂട്ടിയിലിരിക്കുന്നവരിൽ പലരും സാഹചര്യത്തിനനുസരിച്ച് ഉയർന്നു പ്രവർത്തിച്ചു. അവർ ജോലിയിൽ തുടരാൻ യാതൊരു വൈമനസ്യവും കാണിക്കാതെ സ്വമേധയാ മുന്നോട്ടുവന്നു. രാവിലെ തൊട്ട് നിർത്താതെ ജോലിയിൽ വ്യാപൃതരായിരുന്നെങ്കിലും അത് ആരും തന്നെ പ്രകടിപ്പിക്കുന്നുണ്ടായിരുന്നില്ല.

എന്റെ വീട്ടിൽനിന്നും വന്ന ഫോൺകോളുകളും സുഖകരമായിരുന്നില്ല. ജലവിതാനം കൂടിക്കൂടിവരുന്നു. ഏതു സമയത്തും വീടിനകത്തേക്ക് വെള്ളം കയറാം എന്ന അവസ്ഥ. കഴിയുന്നത്ര സാധനങ്ങൾ മുകളിലെനിലയിലേക്ക് മാറ്റിവെക്കാൻ പറയാനേ എനിക്ക് കഴിയുമായിരുന്നുള്ളൂ. അത്താണി പുത്തൻതോട് റോഡിലൂടെയുള്ള ഗതാഗതം ഉടനെത്തന്നെ നിർത്തിവെക്കും എന്ന അവസ്ഥലും മനസ്സിലായതിനാൽ ആവഴിയിൽ പോകാനുള്ള ഡ്യൂട്ടിയിലുണ്ടായിരുന്ന വനിത സൂപ്പർവൈസർ ശ്രീയെ വീട്ടിലേയ്ക്ക് പോകാൻ അനുവാദം കൊടുത്തു. സന്ധ്യയായിത്തുടങ്ങിയിരിക്കുന്നു.

അതിനിടെ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിന്റെ അറിയിപ്പ് ആകെ ആശയക്കുഴപ്പം ഉണ്ടാക്കി. മൂന്നിഞ്ച് കൂടി ജലനിരപ്പ് ഉയർന്നാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കും അതായിരുന്നു അറിയിപ്പ്. ഇനിയുള്ള പ്രധാന ജോലി രണ്ടോ മൂന്നോ പാലറ്റുകൾ മേലേക്കുമേൽ അടുക്കിവെച്ച് അതിനുമേലെ കാർഗോ ഉയർത്തിവെക്കുക എന്നുള്ളതാണ്. വൈദ്യുതി ഇല്ലാതെ ഇരുട്ടിൽ ഇത് സാധ്യമല്ല. അതിനാൽ എവിടെ നിന്നെങ്കിലും ജനറേറ്റർ തരപ്പെടുത്താൻ അവരോട് അഭ്യർത്ഥിച്ചു.

രാത്രി ഏകദേശം പത്തുമണിയോടു കൂടി ജനറേറ്റർ സ്ഥലത്തെത്തി. വെയർഹൗസിൽ തയ്യാറാക്കി നിർത്തി. ജോലി തുടർന്നു. വൈദ്യുതി വിച്ഛേദിക്കേണ്ടിവന്നില്ല. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിൽ നേരം വെളുക്കുന്നതിനു മുൻപുതന്നെ വെയർഹൗസിലുണ്ടായിരുന്ന മിക്കവാറും എല്ലാ ചരക്കുകളും ഒന്നര അടിയിൽ കൂടുതൽ ഉയരത്തിൽ ഉയർത്തിവെക്കുവാൻ സാധിച്ചു.

ആഗസ്റ്റ് 16 ന് രാവിലെ ഏഴുമണിക്ക് വീട്ടിലേക്ക് പുറപ്പെട്ടു. വീട്ടിലെത്തിയിട്ടുവേണം നിജസ്ഥിതി അറിയാൻ. ഫോൺ വിളിച്ച് കിട്ടുന്നില്ല. ശക്തമായ കുത്തൊഴുക്ക് കാരണം പല വഴികളിലൂടെ നീന്തിയിട്ടുണ്ടെങ്കിലും വീട്ടിലെത്താൻ സാധിച്ചു. അവരെയൊക്കെ വഞ്ചിയിൽ കയറ്റി രക്ഷിക്കുവാനും സാധിച്ചു.

ഇതിലെല്ലാം അത്ഭുതപ്പെടുത്തിയത് കണക്കുകൂട്ടലുകളെ തെറ്റിച്ചുകൊണ്ട് 16 ന് ഉച്ചയ്ക്ക് മുൻപ് തന്നെ ക്രമാതീതമായി ജലനിരപ്പ് ഉയർന്നു എന്നുള്ളതാണ്. എങ്കിലും ആശ്വാസകരമായത് ഞങ്ങൾ ഉയർത്തിവെച്ചിരുന്ന കാരഗോയെ തൊട്ടുതൊട്ടില്ല എന്നനിലയിൽ നിന്ന് മുകളിലേയ്ക്ക് വെള്ളം വരാതിരുന്നതിനാൽ അതിനൊന്നും യാതൊരു നാശനഷ്ടങ്ങളും സംഭവിച്ചില്ല എന്നുള്ളതാണ്.

അറിവ് വെച്ച കാലം തൊട്ട് ആഗസ്റ്റ് 15 സ്വാതന്ത്രദിനം മാത്രമായിരുന്നെങ്കിൽ ഇനിയങ്ങോട്ട് സ്വാതന്ത്ര്യദിനം എന്നത് നടുങ്ങുന്ന ഒരോർമ്മയായി അവശേഷിക്കും. വെള്ളപ്പൊക്കത്തിന്റെ ഓർമ്മ.






സിയാൽ
വീണ്ടും

- പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങിയത് 20-ാം തിയതി.
- പത്താം നാൾ പൂർണ സജ്ജം.
- ആയിരത്തോളം പേർ 24 മണിക്കൂർ അധ്വാനം.
- രണ്ടര കിലോമീറ്റർ നീളത്തിൽ താത്കാലിക മതിൽ.
- 800 റൺവേ ലൈറ്റുകൾ, ജനറേറ്ററുകൾ, വൈദ്യുതി വിതരണ സംവിധാനം, എന്നിവയുടെ തകരാറുകൾ പരിഹരിച്ചു.
- കേടുപറ്റിയ സൗരോർജ്ജപ്ലാന്റുകൾ മിക്കവയും പുനഃസ്ഥാപിച്ചു. 20 മെഗാവാട്ട് സ്ഥാപിതശേഷിയിൽ ഉത്പാദനം നാളെ (ബുധൻ) മുതൽ

CIAL

facebook.com/CochinInternationalAirport cial.aero




*ചെങ്ങൽതോട് ഭൂപടം : പേജ് 34-35*

# വെള്ളപ്പൊക്കം, ചെങ്ങൽതോട് വസ്തുതകൾ

തീവ്രമായ മഴയെത്തുടർന്ന് പെരിയാർ കരകവിഞ്ഞ് ഒഴുകിയതോടെ വൻ പ്രളയത്തിനാണ് 2018 ഓഗസ്റ്റിൽ കേരളം സാക്ഷ്യം വഹിച്ചത്. തിരുവനന്തപുരം, കൊല്ലം, കാസർകോഡ് ഒഴികെയുള്ള ജില്ലകളിൽ പ്രളയം വൻ ദുരന്തങ്ങൾ സൃഷ്ടിച്ചു. പ്രളയത്തിൽ ഏറ്റവുമധികം ദുരിതത്തിലായ ജില്ലകളിൽ ഒന്നാണ് എറണാകുളം. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളെല്ലാം ഒരാഴ്ചയോളം പൂർണമായും വെള്ളത്തിലായി. ഇതിനൊപ്പം വിമാനത്താവളം സ്ഥിതി ചെയ്യുന്ന മേഖലയും പരിസര പ്രദേശങ്ങളും വെള്ളപ്പൊക്കമുണ്ടായി. കൊച്ചി വിമാനത്താവളം 15 ദിവസം അടച്ചിടേണ്ടിവന്നു. 336 കോടി രൂപയുടെ നഷ്ടമാണ് ഓഗസ്റ്റിലെ വെള്ളപ്പൊക്കത്തെത്തുടർന്ന് സിയാൽ നേരിട്ടത്. വിമാനത്താവളമാണ് ഈ മേഖലയിലെ വെള്ളപ്പൊക്കത്തിന് കാരണമായതെന്ന് ചില കോണുകളിൽ നിന്ന് ആക്ഷേപങ്ങൾ ഉയർന്നിരുന്നു. ഈ സാഹചര്യത്തിൽ, ശാസ്ത്രീയവും സാങ്കേതികവും ഭൗമശാസ്ത്രപരവുമായ ചില വസ്തുതകളിലേയ്ക്ക് ശ്രദ്ധക്ഷണിക്കുകയാണ്:

- സമുദ്രനിരപ്പിൽ നിന്ന് 8 മീറ്ററോളം ഉയരത്തിലാണ് കൊച്ചി വിമാനത്താവളം സ്ഥിതി ചെയ്യുന്നത്. വിമാനത്താവളത്തിന്റെ ഒരു കിലോമീറ്റർ അകലെയായി വടക്കുകിഴക്ക് നിന്ന് തെക്കു പടിഞ്ഞാറ് ഭാഗത്തേയ്ക്ക് കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാർ ഒഴുകുന്നു. ഓഗസ്റ്റ് രണ്ടാം വാരം കേരളത്തിൽ മുമ്പെങ്ങുമില്ലാത്തവിധമാണ് മഴപെയ്തത്. കിഴക്കൻ മേഖലയിലെ പ്രധാന ഡാമുകളെല്ലാം തുറന്നുവിടുന്ന വെള്ളം ഭൂതത്താൻ കെട്ടിലാണ് എത്തുന്നത്. ഭൂതത്താൻ കെട്ട് പെരിയാറിലേയ്ക്കാണ് വെള്ളം ഒഴുക്കുന്നത്. ഭൂതത്താൻ കെട്ടിലെ സംഭരണ ശേഷി കുറവായതിനാൽ രണ്ടുമണിക്കൂറിനുള്ളിൽ ഇവിടുത്തെ വെള്ളം കാഞ്ഞൂർ, കാലടി ഭാഗത്തെത്തും.

- ഓഗസ്റ്റ് 15,16 തീയതികളിൽ ഇടുക്കി, എറണാകുളം ജില്ലകളിൽ ശരാശരി 16 സെന്റീമീറ്ററോളം മഴ പെയ്തു. സാധാരണ ഇടവപ്പാതിയിലും തുലാവർഷത്തിലും പ്രതിദിനം ലഭിക്കുന്ന മഴയുടെ അഞ്ചിരട്ടിയിലധികമാണിത്. സ്വാഭാവികമായും ഈ ജലം മുഴുവനും പെരിയാറിലെത്തുകയും എറണാകുളം ജില്ലയിലെ മിക്ക പ്രദേശങ്ങളും വെള്ളത്തിനടിയിൽ ആവുകയും ചെയ്തു. വിമാനത്താവളത്തിലും പരിസര പ്രദേശങ്ങളിലും ഓഗസ്റ്റ് 15,16 തീയതികളിൽ റവന്യൂ വകുപ്പ് രേഖപ്പെടുത്തിയ ജലനിരപ്പ് ഇനി ചേർക്കുന്നു. കാലടി-9.5 മീ., വിമാനത്താവളം-8.8 മീ., അത്താണി-8 മീ, ആലുവ-7 മീ. ഇവയിൽ കാലടി വിമാനത്താവളത്തിന്റെ കിഴക്കുവശമാണ്. ആലുവ പടിഞ്ഞാറ് വശവും. കാലടി ഭാഗത്ത് നിന്ന് വിമാനത്താവളത്തിന്റെ കിഴക്കുഭാഗത്തുകൂടി ഒഴുകി പെരിയാർ ആലുവ മേഖലയിൽ എത്തുന്നു. അതായത് വിമാനത്താവളം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇത്രയധികം ജലം ഒരുമിച്ചെത്തിയാൽ ഈ മേഖലയൊന്നാകെ വെള്ളത്തിനടിയിലാകും.

## ചെങ്ങൽ തോടിന്റെ പ്രസക്തി

പെരിയാറിൽ നിന്നുള്ള ജലം ഒഴുക്കിവിടാനുള്ള സംവിധാനമല്ല ചെങ്ങൽ തോട്. യഥാർത്ഥത്തിൽ തിരിച്ചാണ് ഒഴുക്ക്. അതായത് ഈ മേഖലയിൽ പെയ്യുന്ന വെള്ളം പെരിയാറിലേയ്ക്ക് ഒഴുക്കി വിടാനുള്ള കനാലാണ് ഇത്. എന്നാൽ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഈ ക്രമം തെറ്റുന്നു. പെരിയാറിലെ ജലം തിരികെ തോടിലേയ്ക്ക് ഒഴുകും. വിമാനത്താവളം ഉണ്ടായാലും ഇല്ലെങ്കിലും ഇതു തന്നെയാണ് സ്ഥിതി. . നെടുമ്പാശ്ശേരി മേഖലയുടെ കിഴക്ക് ഭാഗത്ത് പെരിയാറിനോട് ചേർന്നുള്ള ചെങ്ങല്ലിൽ നിന്ന് തുടങ്ങി (ചിത്രത്തിൽ പോയിന്റ് എ)തെക്കു പടിഞ്ഞാറ് ദിശയിൽ ഒഴുകി ചെങ്ങമനാട് പാനായിക്കടവിൽ വച്ച് വീണ്ടും പെരിയാറിൽ ചെങ്ങൽ തോട് എത്തിച്ചേരുന്നു. ഏതാണ്ട് 20 കി.മി നീളമുണ്ട് ഈ തോടിന്. പെരിയാറിൽ നിലവിട്ട് ഉയരുന്ന വെള്ളം 20 കി.മി അധികം ഒഴുകി വീണ്ടും പെരിയാറിൽ എത്തുന്ന വിധത്തിലാണ് ഈ തോട് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

- മേൽപ്പറഞ്ഞ 20 കിലോമീറ്ററിൽ നാല് കിലോമീറ്റർ മാത്രമാണ് ചെങ്ങൽതോട് നെടുമ്പാശ്ശേരി ഭാഗത്തുകൂടി ഒഴുകുന്നത്. ചെങ്ങല്ലിൽ നിന്ന് ആദ്യം വടക്കോട്ടും പിന്നീട് തെക്കോട്ടുമാണ് ഇതിന്റെ ദിശ. ഈ ഭാഗത്താണ് റൺവെ പണികഴിപ്പിച്ചത്. അത് യാഥാർത്ഥ്യമാണ്. റൺവെയുടെ വടക്ക് കിഴക്ക് ഭാഗത്ത് തുറവുങ്കരയ്ക്ക് സമീപമാണ് (പോയിന്റ് സി) ചെങ്ങൽ തോട് ആദ്യം വിമാനത്താവളവുമായി ബന്ധപ്പെടുന്നത്. ഇവിടെ വച്ച് തോട് അടച്ചുകെട്ടി പരിസരവാസികൾക്ക് പ്രശ്നമുണ്ടാക്കി എന്ന ആരോപണം തെറ്റാണ്. നിലവിൽ തോടിന്റെ ഒരുഭാഗം ഇവിടെ വന്നു നിൽക്കുന്നു. ഇത്രമാത്രം ചെയ്തിട്ടേയുള്ളൂവെങ്കിൽ ചെങ്ങൽ തോട് മുറിച്ചതുകാരണം വെള്ളപ്പൊക്കം ഉണ്ടായി എന്നു കരുതാം. എന്നാൽ ഇത് ഒഴിവാക്കാൻ

പോയിന്റ് എ യിൽ നിന്ന് 900 മീറ്റർ അകലെ വച്ച് മറ്റൊരു കനാൽ (ഡൈവേർഷൻ കനാൽ) നിർമിച്ചു. അതായത് ചെങ്ങല്ലിൽ നിന്ന് റൺവെയുടെ വടക്കുഭാഗത്തുകൂടി ഒഴുകി തുറവുങ്കര ഭാഗത്തുനിന്ന് റൺവെ മുറിച്ചു കടന്ന് കുഴിപ്പള്ളത്ത് എത്തിയിരുന്ന തോടിന്റെ ഒരുഭാഗത്തിന് സമാന്തര തോട് റൺവെയുടെ തെക്കുഭാഗത്തുകൂടി നിർമിച്ചു. മൂന്നര കിലോമീറ്റർ ഇപ്രകാരം സമാന്തര തോട് നിർമിച്ച് നേരത്തെയുള്ള കുഴിപ്പള്ളം ഭാഗത്തുതന്നെയാണ് കൂട്ടിമുട്ടിച്ചിട്ടുള്ളത്.

- 20 കിലോമീറ്ററുള്ള ചെങ്ങൽ തോടിന്റെ തുടക്കഭാഗത്ത് സമാന്തരമായി മറ്റൊരു കനാൽ വെട്ടിയതിനാൽ തോട് രണ്ടുവട്ടം റൺവെ മുറിച്ച് കടക്കുന്നത് ഒഴിവാക്കാനായി. റൺവെയുടെ വടക്കുഭാഗത്തുണ്ടായിരുന്ന മൂന്നര കിലോമീറ്റർ തോട് തെക്കുഭാഗത്ത് കൂടിയാക്കി എന്നതൊഴിച്ചാൽ വേറൊരുതരത്തിലുമുള്ള അടച്ചുകെട്ടൽ നടത്തിയിട്ടില്ല. സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ടുണ്ടാക്കുന്നതിൽ മേൽപ്പറഞ്ഞ



തരത്തിലുള്ള ഗതിമാറ്റിവിടലിന് പങ്കൊന്നുമില്ല. പെരിയാറിൽ നിന്ന് തുടങ്ങി പെരിയാറിൽ ചേരുന്ന തരത്തിൽ തോട് ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

- റൺവെ രൂപകൽപ്പന ചെയ്യുന്ന സമയത്ത് ചെങ്ങൽ തോടിനെക്കുറിച്ച് സിയാൽ എൻജിനീയറിങ് വിഭാഗം വിശദമായി പഠിച്ചിരുന്നു. ഈ മേഖലയിൽ രേഖപ്പെടുത്തിയിരുന്ന പരമാവധി മഴ മണിക്കൂറിൽ 72 മി.മി ആണ്. ഇതനുസരിച്ച് പെരിയാറിൽ നിന്ന് 41.53 ക്യുമെക്സ് വെള്ളം ചെങ്ങൽ തോടിലേയ്ക്ക് ബഹിർഗമിക്കും. ഇത് പരമാവധിയാണ്. വിമാനത്താവളം വരുന്നതിന് മുമ്പും ഇപ്പോഴും ഇതുതന്നെയാണ് തോടിന്റെ ശേഷി. എന്നാൽ ഓഗസ്റ്റിലെ പ്രളയ ദിനങ്ങളിൽ പെരിയാറിലൂടെ ഒഴുകിയെത്തിയത് 6500 ക്യൂമിസെക് ജലമാണ്. ഇത് ചെങ്ങൽ തോട് ഉൾപ്പെടെ പെരിയാറിന്റെ എല്ലാ അധികജല ബഹിർഗമന സംവിധാനങ്ങളേയും അപ്രസക്തമമാക്കി. 20-30 മീറ്റർ വീതിയുള്ള ചെങ്ങൽതോടിന് ഈ പ്രളയത്തിൽ ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല.

- ഓഗസ്റ്റിലെ പ്രളയ ദിനങ്ങളിൽ തെക്ക് കമ്പനിപ്പടി, വടക്ക് അങ്കമാലിയ്ക്കടുത്ത് കോത്തങ്കുളങ്ങര കിഴക്ക് കാലടി, പടിഞ്ഞാറ് ആലുവ വരെ വെള്ളത്തിനടിയിലായി. എറണാകുളം ജില്ലയിൽ 500 ചതുരശ്ര കിലോമീറ്റർ പൂർണമായും വെള്ളത്തിൽ മുങ്ങി. പലേടങ്ങളിലും 14 മീറ്റർ വരെ ഉയരത്തിൽ ജലനിരപ്പ് ഉയർന്നു. 1000 ചതുരശ്ര കിലോമീറ്റർ ഭാഗത്ത് ഭാഗികമായി വെള്ളപ്പൊക്കം ബാധിച്ചു. ഈ അവസ്ഥതന്നെയാണ് നെടുമ്പാശ്ശേരിയിലും പരിസര മേഖലയിലും സംജാതമായത്. ഒരു ചെറിയ തോടിന് താങ്ങാവുന്നതിൽ അപ്പുറമായിരുന്നു നൂറ്റാണ്ടിലെ പ്രളയം എന്ന് വിശേഷിക്കപ്പെട്ട ഈ ദുരന്തം.

- വിമാനത്താവളത്തിന്റെ പരിസര പ്രദേശങ്ങളിലെ ജനങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഒപ്പം എന്നും നില കൊണ്ടിട്ടുള്ള പ്രസ്ഥാനമാണ് സിയാൽ. പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുത്തപ്പോൾ വീടു നഷ്ടപ്പെട്ട 822 പേർക്കും മികച്ച രീതിയിൽ പുനരധിവാസ സൗകര്യങ്ങൾ ഒരുക്കി. ഇത്രയും കുടുംബങ്ങൾ, ഇഷ്ടികക്കളങ്ങളും ചതുപ്പും നിറഞ്ഞ പ്രദേശത്താണ് വിമാനത്താവളം വരുന്നതിന് മുമ്പ് കഴിഞ്ഞിരുന്നത്. എയർപോർട്ട് ടാക്സികൾ ഈ മേഖലയിൽ നിന്നുള്ളവർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. സമീപവാസികളായ 603 പേരാണ് നിലവിൽ എയർപോർട്ട് ടാക്സി ഓടിക്കുന്നത്. സിയാലിലെ ജോലിയ്ക്കും അർഹമായ തരത്തിൽ ഈ മേഖലയിലുള്ളവർക്ക് സംവരണ ആനുകൂല്യമുണ്ട്. സിയാലിൽ 554 ജീവനക്കാരാണുള്ളത്. ഇതിൽ 205 പേർ മേൽപ്പറഞ്ഞ സംവരണത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കി ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരാണ്. ആകെ 11,400 പേർ വിമാനത്താവളത്തിൽ പ്രവർത്തിക്കുന്നു. പരിസര പ്രദേശങ്ങളായ നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, കാഞ്ഞൂർ, ചെങ്ങമനാട്, അങ്കമാലി എന്നിവിടങ്ങളിൽ നിന്നായി 4500 പേർ വിമാനത്താവളത്തിൽ ജോലി ചെയ്യുന്നു.

- വിമാനത്താവളം ഈ മേഖലയിൽ സമഗ്രമായ പുരോഗതിയുണ്ടാക്കി. വിമാനത്താവളം വന്നതോടെ, ഇരുപതോളം ഹോട്ടലുകൾ, ഫ്ളാറ്റുകൾ, ഹോസ്റ്റലുകൾ, നൂറോളം മറ്റ് കച്ചവട സ്ഥാപനങ്ങൾ എന്നിവ ഈ മേഖലയിൽ തുടങ്ങി. വസ്തുവിന്റെ വിപണി വില വർധിച്ചു. ടാക്സി, ഓട്ടോറിക്ഷാ,കാറ്ററിങ് തുടങ്ങിയ സേവന മേഖലകളിൽ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. കാൽ ലക്ഷത്തോളം പേർക്കാണ് പരോക്ഷമായി ഇപ്രകാരം തൊഴിൽ അവസരം സൃഷ്ടിക്കപ്പെട്ടത്.


- വിമാനത്താവളം വരുന്നതിന് മുമ്പ് തുറവുങ്കര നിവാസികൾക്ക് നായത്തോടിലേയ്ക്ക് നേരിട്ട് ബന്ധപ്പെടാനുള്ള റോഡ് ഉണ്ടായിരുന്നില്ല. വിമാനത്താവള നിർമാണവുമായി ബന്ധപ്പെട്ട് ചെങ്ങൽതോടിന്റെ ഒരു ചെറിയ ഭാഗത്ത് ഒരു സമാന്തര കനാൽ നിർമിച്ചതുപോലെ നിരവധി റോഡുകളും സിയാൽ പണികഴിപ്പിച്ചിട്ടുണ്ട്. റൺവെ ചുറ്റി കല്ലുംകൂട്ടം റോഡ് നിർമിച്ചതിനാൽ തുറവുങ്കര ഭാഗത്തുള്ളവർക്ക് തെക്ക് കാഞ്ഞൂരിലേയ്ക്ക് എളുപ്പത്തിൽ പോകാനാകും. ഇതിനായി തുറവുങ്കരയിൽ സിയാൽ പാലം പണികഴിപ്പിക്കുകയും ചെയ്തു. കൊടിഞ്ഞിലിയിലും പാലം നിർമിച്ചതോടെ വടക്ക് നായത്തോട്,അങ്കമാലി ഭാഗത്തേയ്ക്കും യാത്ര എളുപ്പമായി. കിഴക്ക് കല്ലുംകൂട്ടം മുതൽ പടിഞ്ഞാറ് കല്ലയം വരെ പണികഴിപ്പിച്ചിട്ടുള്ള റിങ് റോഡ്, വിമാനത്താവളത്തിന്റെ തെക്കൻ മേഖലയിലുള്ളവർക്ക് ഏറെ പ്രയോജനകരമാണ്.


വിമാനത്താവള പരിസരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ സിയാൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഓഗസ്റ്റിൽ സംഭവിച്ചതുപോലെയുള്ള ഒരു പ്രളയം താങ്ങാനുള്ള ശേഷി ഈ ഭൂവിഭാഗത്തിനില്ല. എന്നിരുന്നാലും ആഘാതം പരമാവധി കുറയ്ക്കാൻ ഉതകുന്ന തരത്തിലുള്ള ചില മുൻകരുതലൽ നടപടികൾക്ക് സിയാൽ തുടക്കം കുറിച്ചിട്ടുണ്ട്. സിയാലിനുവേണ്ടി ജലസേചന വകുപ്പ്, കിറ്റ്കോ എന്നിവ സംയുക്തമായി ഈ പ്രദേശത്തിന്റെ പ്രത്യേകതകളെക്കുറിച്ച് പഠിച്ചിട്ടുണ്ട്. കൂടാതെ വെള്ളപ്പൊക്ക നിവാരണത്തിൽ ആഗോള വിദഗ്ധരായ ഡച്ച് എൻജിനിയർമാരെ ഇവിടെ എത്തിച്ച് പഠനം നടത്തുകയും ചെയ്തു. മേൽപ്പറഞ്ഞ പഠനങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ വെള്ളപ്പൊക്ക നിവാരണ പദ്ധതി തയ്യാറായി വരുന്നു. താഴെ പറയുന്ന നിർദേശങ്ങൾ അതിന്റെ ഭാഗമാണ്.

- റൺവെയുടെ വടക്കുഭാഗത്ത് നിലവിൽ ചെങ്ങൽതോടിന്റെ ഒരുഭാഗമുണ്ട് (പോയിന്റ് സി വരെ). അവിടെ നിന്ന് രണ്ടാമതൊരു ഡൈവെർഷൻ കനാൽ കൂടി നിർമിച്ച് അധികജലം വീണ്ടും വടക്കോട്ട് കൊണ്ടുപോകാനാകും. രണ്ടാം ഡൈവെർഷൻ കനാൽ നായത്തുറയിലേയ്ക്ക് യോജിപ്പിക്കും; തുടർന്ന് മാഞ്ഞാലി തോടിലേയ്ക്കും
- തെക്കുഭാഗത്ത് ഇപ്പോഴുള്ള ഡൈവേർഷൻ കനാലിന്റെ വീതിയും ആഴവും കൂട്ടി ഒഴുക്ക് കൂടുതൽ സുഗമമാക്കും
- വടക്കുഭാഗത്തുള്ള ചെങ്ങൽ തോടിന് കുറുകെ എ.പി.വർക്കി റോഡിലും ചെത്തിക്കോട് റോഡിലും പാലങ്ങൾ നിർമിക്കും. വെള്ളപ്പൊക്കമുണ്ടായാൽ തുറവുങ്കര പ്രദേശത്തുള്ളവർ ഒറ്റപ്പെടാതിരിക്കാൻ ഇത് ഉപകരിക്കും
- ചെങ്ങൽതോടിന്റെ തുടക്കത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമിക്കും

മേൽപ്പറഞ്ഞ നിർദേശങ്ങൾ വെള്ളപ്പൊക്കത്തിന്റെ ആഘാതം കുറയ്ക്കാൻ ഉപകരിക്കപ്പെടുമെന്ന് സിയാൽ കരുതുന്നു.




TO SHORNUR
KARIYAD
Kariyad-Airport-Mattoor Road
AKAPPARAMBU ERAVIKULANGARA BAGAVATHY TEMPLE
ST.Gervasis Prothasis Church
Kariyad-Airport-Mattoor Road
NEDUMBASSERY
Airport to Angamaly Road
Kariyad-Airport-Mattoor Road
CIAL CONVENTION CENTER
RLWY BRIDGE
NEW RAILWAY OVER BRIDGE
CIAL COMMERCIAL CPLX U/C
POLICE STATION
SUB STATION
AVIATION MUS
SECURITY COMPOUND
SERVICE BUILDING
FUEL STATION
BPCL COMPLEX
IOCL
TOLL GATES
POWER STATION
SOLAR PANELS
RAILWAY TRACK
CANTEEN
CAR PARKING
TERMINAL-3
APRON-4
GATE-1A
APRON-2
APRON-5
AIRLINES OFFICE
TERMINAL-1&2(WORK IN PROGRESS)
CARGO-BUILDING
GATE-4
GATE-1
KENNEL
WATCH-TOWER-1
WATCH-TOWER-2
GATE-5N
ISOLATION PARKING BAY
NAVY AIR ENCLAVE
APRON-1
D1
GATE-5
STATIC TANK
WIND CONE
VOR CHECK POINT
PAPI
SIGNAL
CIAL -GOLF COURSE
DVOR-1
E76° 22' 21.51"
N10° 09' 00.34"
CAT1 APPROACH LIGHTS
RESA 240x90m
ILS/LLZ
CAT-1
ICIL110.3
MUD ROAD
GP ANTENNA&HUT-09
MET.INST
WATCH-HUT-4
MUD ROAD
WATCH-TOWER-3
COOLING PIT
STP
POND
SREE SARASWATHI DEVI TEMPLE
AVANAMKODE
KUZHIPPALLAM
Avanamkode Edanad Road
Avanamkode Edanad Road
Kallayam Road
TO ERNAKULAM
Chowara-Neduvannoor -Airport Road
Avanamkode Edanad Road
POND
St.Augustines School Road
EDANAD
NEDUVAN
PERIYAR


MATTOOR
MAGNETIC NORTH
DECLINATION 1° 45' W -2015
TRUE NORTH
ANNUAL RATE OF CHANGE 0° 4' E
UDUMPUZHA
PIRAROOR
Kariyad-Airport-Mattoor Road
ST JOSEPH'S CHURCH CHETHOKODE
CHETHIKKODE
AL HUDA JUMA MASJID
Kanjoor-Airport Road
AVIATION MUSEUM
AVIATION ACADEMY
HANGAR
HANGAR APRON
HANGAR GATE
ATC
UTILITY BLDG.
GATE-7
FIRE STATION
APRON-7
B
C
ARP
LAT=N10° 09' 12.74"
LONG=E76° 24' 26.00"
EL=7.676
THURAVUMKARA
Kanjoor-Airport Road
COAST GUARD AIR ENCLAVE
WATCH-TOWER-10
AIRPORT OPERATIONAL BOUNDARY
FIRE PIT
LITTLE FLOWER CHURCH
WATCH-TOWER-9
WATCH-HUT-8
RWY STRIP 3520x300m
SIGNAL AREA
LLZ 09
RESA 240 x 90m
PAPI
GP/DME-27
WIND CONE
MET.INST
WATCH-TOWER-7
WATCH-HUT-6
WATCH-TOWER-5
Aluva-Klady Road
A
CHENGALTHODU DIVERSION
Kanjoor-Airport Road
RADAR STATION
Kallayam Road
Herbert Road
VADAKKUMBHAGOM
Kallumkootam Road
KANJOOR
SREEMOOLANAGARAM
Chengal thodu diverted portion
Diversion canal
Existing road
Diverted road
Railway line
MAP NOT UPTO THE SCALE
PERIYAR
PERIYAR

യാത്ര
വിവരണം



# ഹംപി ബദാമി പൈതൃകപ്പെരുമ

**ചരിത്രം മിടിച്ചുനിൽക്കുന്ന പൈതൃക ദേശങ്ങളാണ് കർണാടകയിലെ ഹംപിയും ബദാമിയും. അവിടേയ്ക്ക് നടത്തിയ യാത്ര.**

കല്ലുകൾ കഥ പറയുന്ന സ്ഥലമാണ് ഹംപി. ഉത്തരകർണാടകയിലെ ബല്ലാരി ജില്ലയിലെ ഈ വിനോദ സഞ്ചാര കേന്ദ്രം യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. തുംഗഭദ്ര നദിതീരത്താണ് ഹംപി സ്ഥിതിചെയ്യുന്നത്. ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ പരിരക്ഷണത്തിലാണ് ഹംപി, ബദാമി, പട്ടടക്കൽ, ഐഹോൾ തുടങ്ങിയ സ്ഥലങ്ങൾ.

13 ാം നൂറ്റാണ്ടിലെ വിജയനഗര സാമ്രാജ്യത്തിന്റെ സംസ്കാരവും സമ്പന്നതയും ആണ് ഇവിടുത്തെ കല്ലുകൾ ലോകത്തോട് വിളിച്ചു പറയുവാൻ വെമ്പുന്നത്.

എത്രതന്നെ മണ്ണിട്ടു മൂടിയിട്ടും വെളിവാക്കപ്പെടുന്ന ചരിത്രസത്യങ്ങളാണ് ഇവയെല്ലാം. വിജയനഗര സാമ്രാജ്യത്തിന്റെ പ്രമുഖ രാജാവായിരുന്നു കൃഷ്ണദേവരായർ. ഹംപി 25 ച. കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചുകിടക്കുന്നു.

# YATHRA







**പ്രസന്ന കുമാർ ഇ.എസ്.**
സൂപ്പർവൈസർ,
ഡ്യൂട്ടി ഫ്രീ

ഡക്കാൻ സുൽത്താൻമാർക്ക് മുന്നിൽ അടിയറവ് പറഞ്ഞപ്പോൾ പൊളിച്ചടുക്കപ്പെട്ടതാണ് ഈ നഗരം. വിരൂപാക്ഷ ക്ഷേത്രം, വിട്ടല ക്ഷേത്രം, എലിഫെന്റ് സ്റ്റേബിൾ, ബസാർ, ലോട്ടസ് പാലസ്, ലക്ഷ്മി നരസിംഹ ക്ഷേത്രം, ക്വീൻസ് ബാത്ത് തുടങ്ങി നിരവധി കേന്ദ്രങ്ങൾ സന്ദർശകർക്കായി കാത്തിരിക്കുന്നു. 1336 ലാണ് ഹംപി നഗരം സ്ഥാപിക്കപ്പെട്ടതെന്ന് ചരിത്രരേഖകൾ പറയുന്നു. ക്ഷേത്രനഗരമായിരുന്നു ഇത്. വിവിധ രാജ്യങ്ങളിലെ കച്ചവടക്കാർ അക്കാലത്ത് വ്യാപാരത്തിനായി വന്നിരുന്നു. കോട്ടകെട്ടി ഭദ്രമാക്കിയ നഗരമായിരുന്നു ഇത്. കോട്ടമതിലിലും ക്ഷേത്രങ്ങളിലും ഒരുതരത്തിലുള്ള കൂട്ടുകളും ഉപയോഗിച്ചിരുന്നില്ല. നിരവധി മേൽക്കൂരകൾ, അവയ്ക്കുമേൽ താഴികക്കുടങ്ങൾ, നിരവധി കമാനങ്ങൾ, കൊത്തുപണികൾ, പൂ







ന്തോട്ടങ്ങൾ, പൊതുമാർക്കറ്റ്, കോട്ടകൾ തുടങ്ങിയവ ഉണ്ടായിരുന്നു എന്നതിന്റെ തെളിവുകൾ നേരിൽ കാണാനാകും. പ്രതാപകാലത്ത് സാംസ്കാരിക-വാണിജ്യ പ്രവർത്തനങ്ങളാൽ മുഖരിതമായിരുന്നു ഹംപി.

## ബദാമി

എ.ഡി. 543 മുതൽ 753 വരെ വടക്കൻ കർണാടകയിൽ നിലനിന്നിരുന്ന ചാലൂക്യ രാജവംശത്തിന്റെ തലസ്ഥാനമാണ് ബദാമി അധവാ വാതാപി. അവിടെയുള്ള ഗണപതിയെ പ്രകീർത്തിച്ചാണ് “ വാതാപി ഗണപതിം” എന്ന കീർത്തനം മുത്തുസ്വാമി ദീക്ഷിതർ രചിച്ചത്.

മഹാരാഷ്ട്രയിലെ എല്ലോറ ഗുഹകൾക്കുസമാനമാണ് ഇവിടുത്തെ ഗുഹാക്ഷേത്രങ്ങൾ. വലിയ പാറകളിൽ കൊത്തിയെടുത്ത് പണികഴിച്ചിട്ടുള്ളതാണ്. നിരവധി ഗുഹാക്ഷേത്രങ്ങൾ ഉണ്ടായിരുന്നെങ്കിലും അവയിൽ ചിലത് മാത്രമാണ് അവശേഷിക്കുന്നത്. കർണാടകയിലെ ബിജാപ്പൂർ ജില്ലയിലാണ് ബദാമി നിലനിൽക്കുന്നത്. അഗസ്ത്യമുനിയുടെ നാമധേയത്തിൽ വലിയ ഒരു കുളവും ഇവിടെയുണ്ട്. ഈ തീർത്ഥക്കുളത്തിനു സമീപമുള്ള കുന്നിൻ മുകളിലാണ് ഗുഹാക്ഷേത്രങ്ങളും ചാലൂക്യരുടെ കോട്ടയുടെ അവശിഷ്ടങ്ങളും കാണാനാകുന്നത്. വൈഷ്ണവ-ശൈവ-ബുദ്ധ-ജൈന സ്വാധീനമാണ് ഈ ക്ഷേത്രങ്ങളിൽ കാണാനാകുന്നത്. മുഖ്യമായും നാലു ഗുഹാക്ഷേത്രങ്ങൾ ഇവിടെയുണ്ട്. അക്കാലത്തെ കൊത്തുപണികളുടെയും കരവിരുന്നിന്റെയും തെളിവുകൾ ഈ ക്ഷേത്രങ്ങളിൽ കാണാം.


## പട്ടടക്കൽ, ഐഹോൾ


കർണാടകയിലെ ബഗലക്കോട്ട് ജില്ലയിൽ സ്ഥിതിചെയ്യുന്ന ഹിന്ദു-ജൈന ക്ഷേത്രങ്ങളുടെ സമുച്ചയമാണ് പട്ടടക്കൽ. 7-8 നൂറ്റാണ്ടുകളിലാണ് പട്ടടക്കൽ ക്ഷേത്രസമുച്ചയം നിർമ്മിക്കപ്പെട്ടത്. ചാലൂക്യ ഭരണത്തിന്റെ തിരുശേഷിപ്പുകളാണ് ഇവിടയുള്ളത്.

ബഗലക്കോട്ട് ജില്ലയിലെ മാലപ്രഭ നദിയോടു ചേർന്നുകിടക്കുന്ന മറ്റൊരു ചരിത്രഭൂമിയാണ് ഐഹോൾ. പുരാതനകാലത്തെ ബുദ്ധ-ഹൈന്ദവ-ജൈന സംസ്കാരങ്ങളുടെ സ്മാരക ചിഹ്നങ്ങളാണ് അവിടെയുള്ളത്. ശിലാക്ഷേത്രങ്ങളും ഗുഹാക്ഷേത്രങ്ങളും നിരവധി അവിടെയുണ്ട്.

## ശ്രാവണബലഹോള

കർണാടകത്തിലെ ഹസ്സൻ ജില്ലയിലെ ഒരു ചെറുപട്ടണമാണ് ശ്രാവണബലഹോള. പ്രമുഖ ജൈന തീർത്ഥാടന കേന്ദ്രമാണിവിടം. ഭഗവാൻ ബാഹുബലി (ഗോമതേശ്വരർ) യുടെ ഭീമാകാര പ്രതിമയും ക്ഷേത്രവുമാണ് ഇവിടുത്തെ മുഖ്യ ആകർഷണം. വിന്ധ്യാഗിരിയുടെ നെറുകയിൽ ഒറ്റ മാർബിൾ കല്ലിൽ തീർത്ത ബാഹുബലി പ്രതിമയ്ക്ക് 57 അടി ഉയരമുണ്ട്. ലോകത്തിലെത്തന്നെ ഉയരമുള്ള പ്രതിമകളിൽ ഒന്നാണ് ഇതെന്ന് പറയാം. കുന്നിൻ മുകളിലേക്ക് 614 പടികൾ കയറിവേണം ബാഹുബലി ക്ഷേത്രത്തിലെത്താൻ. 12 വർഷം കൂടുമ്പോഴാണ് ഇവിടെ പ്രതിഷ്ഠാദിന അഭിഷേകവും ഉത്സവങ്ങളും നടക്കുന്നത്. ഭാരത ഗവൺമെന്റ് പുറത്തിറക്കിയിട്ടുള്ള പുതിയ അൻപതു രൂപ നോട്ടിൽ കാണിച്ചിരിക്കുന്ന ഒറ്റക്കല്ലിൽ തീർത്തിരിക്കുന്ന രഥം, ഹംപിയിലേത് കടമെടുത്തിരിക്കുന്നതിനാൽ വിദേശ സഞ്ചാരികൾ, ചരിത്രാന്വേഷകർ, വിദ്യാർത്ഥികൾ തുടങ്ങിയവരുടയൊക്കെ പറുദീസയാണ് ഹംപി, ബദാമി, പട്ടടക്കൽ, ഐഹോൾ തുടങ്ങിയ സ്ഥലങ്ങൾ.









കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലെ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് മാനേജിങ് ഡയറക്ടർ പരേഡ് പരിശോധിക്കുന്നു



# സിയാലിൽ സ്വാതന്ത്ര്യ ദിനാഘോഷം









ഡ്യൂട്ടി ഫ്രീ

# കൊച്ചിൻ ഡ്യൂട്ടി ഫ്രീ: മദ്യം നൽകുന്നത് പാസ്പോർട്ടുള്ള യാത്രക്കാർക്ക മാത്രം

ഡ്യൂട്ടി ഫ്രീയിൽ നിന്ന് യാത്രക്കാരുടെ പാസ്പോർട്ട് ഉപയോഗിച്ച് അനധികൃതമായി മദ്യം വാങ്ങി പുറത്ത് വിറ്റതിന് ഒമാൻ എയർലൈൻസിലെ റാമ്പ് അസിസ്റ്റന്റ് കോഴിക്കോട് സ്വദേശി അഷ്റഫ് (47) അറസ്റ്റിലായ സംഭവത്തിൽ കൊച്ചി ഡ്യൂട്ടി ഫ്രീ ജീവനക്കാർക്ക് പങ്കില്ല.

കൊച്ചിൻ ഡ്യൂട്ടി ഫ്രിയിൽ നിന്ന് മദ്യം നൽകുന്നത് രാജ്യാന്തര യാത്രക്കാർക്ക് മാത്രമാണ്. ഡ്യൂട്ടി ഫ്രീയിൽ എത്തുന്ന രാജ്യാന്തര യാത്രക്കാരുടെ പാസ്പോർട്ട്, ബോർഡിങ് പാസ് എന്നിവ പരിശോധിച്ച് വയസ്സ് ഉൾപ്പെടെയുള്ള വിവരങ്ങൾ ഉറപ്പുവരുത്തിയശേഷമാണ് ഡ്യൂട്ടി ഫ്രീ ജീവനക്കാർ മദ്യം വിൽപ്പന നടത്തുന്നത്. യാത്രക്കാർ ഒപ്പുവച്ച ബില്ലും തുടർ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.യാത്രക്കാർക്ക് നേരിട്ടാണ് ഡ്യൂട്ടി ഫ്രീ ജീവനക്കാർ കസ്റ്റംസ് നിയമപ്രകാരം അനുവദനീയമായ അളവിലുള്ള മദ്യം വിൽക്കാറുള്ളത്. അതുകൊണ്ടുതന്നെ യാത്രക്കാരിൽ നിന്ന് പാസ്പോർട്ട് താൽക്കാലികമായി വാങ്ങി മറ്റൊരാൾക്ക് മദ്യം വാങ്ങാനാവില്ല. ടെർമിനലിന് പുറത്തുവച്ചുമാത്രമേ ഇത്തരത്തിലുള്ള കൈമാറ്റം സാധ്യമാവുകയുള്ളൂ.

ബുധനാഴ്ച അറസ്റ്റിലായ ഒമാൻ എയർലൈൻസ് ജീവനക്കാരൻ യാത്രക്കാരുടെ പാസ്പോർട്ട് ഉപയോഗിച്ച് കൊച്ചിൻ ഡ്യൂട്ടി ഫ്രീയിൽ നിന്ന് നേരിട്ട് മദ്യം വാങ്ങിയിട്ടില്ല. നിയമപ്രകാരം പാസ്പോർട്ടുമായി യഥാർത്ഥ യാത്രക്കാരൻ ഷോപ്പിലെത്തിയാൽ മദ്യം വിൽക്കാതിരിക്കാനാകില്ല. ടെർമിനലിന് പുറത്തുവച്ചുനടന്ന കൈമാറ്റത്തിൽ ഡ്യൂട്ടിഫ്രീ ജീവനക്കാർക്ക് ഉത്തരവാദിത്തമില്ല.

## യാത്രയയപ്പ്



സ്ഥാനക്കയറ്റത്തോടെ ബാംഗ്ലൂർ വിമാനത്താവളത്തിലേയ്ക്ക് സ്ഥലംമാറിപ്പോകുന്ന എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ എയർപോർട്ട് ഡയറക്ടർ ഡിക്രൂസിന് സിയാലിന്റെ ഉപഹാരം മാനേജിങ് ഡയറക്ടർ വി.ജെ.കുര്യൻ നൽകുന്നു

# ലോക ഹൃദയ പുനരുജ്ജീവന ദിനാഘോഷം


ലോക ഹൃദനയ പുനരുദ്ധീജവന ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ സൊസൈറ്റി ഓഫ് അനസത്യേഷ്യോളജിസ്റ്റ് (ഐ.എസ്.എ) മലനാട് സിറ്റി ബ്രാഞ്ചും കൊച്ചി ഇന്റർനാഷണൽ എയർപോർട്ടും സംയുക്തമായി വിമാനത്താവള ജീവനക്കാർക്ക് ഹൃദയാഘാത അനന്തര പ്രഥമ ശുശ്രൂഷാ പരിശീലനം നൽകി. സിയാൽ ഓപ്പറേഷൻസ് ഡി.ജി.എം. സി.ദിനേശ് കുമാർ ഉദ്ഘാടനം ചെയ്തു. എച്ച്.ആർ. സീനിയർ മാനേജർ ജ്യോതി എൻ, ഐ.എസ്.എ ഭാരവാഹികളായ ഡോ.മാത്യു മത്തായി, ഡോ.രഞ്ജു നൈനാൻ, ഡോ.മഞ്ജിത് ജോർജ്, ഡോ.വിജിൻ വർഗീസ്, ഡോ.വിനോദ് എസ്.നായർ, ഡോ.നബീൽബി, ഡോ.അനീഷ് കെ എന്നിവർ നേതൃത്വം നൽകി.

ലോക ഹൃദയ പുനരുജ്ജീവന ദിനത്തോടനബന്ധിച്ച് കൊച്ചി വിമാനത്താവളത്തിൽ നടന്ന ഹൃദയാഘാത അനന്തര പ്രഥമ ശുശ്രൂഷയിൽ വിമാനത്താവള ജീവനക്കാർക്ക് ഡോ.മാത്യു മത്തായി പരിശീലനം നൽകുന്നു.



# ഭവന ഇൻഷുറൻസ്





**പ്രാൺ കെ.പിള്ള**
ജൂനിയർ മാനേജർ,
ഫിനാൻസ്

നമ്മൾ ജീവിതത്തിൽ സാമ്പത്തിക നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട പലവിധ ഇൻഷൂറൻസ് പോളിസികൾ എടുക്കുമെങ്കിലും ഒരു സാധാരണക്കാരന്റെ ഏറ്റവും വലിയ ആയുഷ്കാല സമ്പാദ്യമായ വീടിന് പരിരക്ഷ നൽകാൻ ആരും ശ്രമിക്കാറില്ല.

ദുരന്തങ്ങളെ തുടർന്നുള്ള കേടുപാടുകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്ന പല ഭവന ഇൻഷൂറൻസ് പദ്ധതികൾ ലഭ്യമാണെങ്കിലും പലരും ചില മുൻവിധികളുടെ പുറത്ത് ഈ ഇൻഷൂറൻസ് പരിരക്ഷ ഉപയോഗപ്പെടുത്താറില്ല. ഭവന ഇൻഷൂറൻസ് പദ്ധതികളുടെ ചില പ്രധാനപ്പെട്ട വിവരങ്ങൾ പറയാം.

## എന്താണ് ഭവന ഇൻഷൂറൻസ്?

തീപിടുത്തം, വെള്ളപ്പൊക്കം, ഭൂകമ്പം തുടങ്ങിയ ദുരന്തങ്ങളാൽ ഭവനത്തിന് സംഭവിക്കാവുന്ന കേടുപാടുകൾക്കും മിക്ക ഭവന ഇൻഷൂറൻസും പരിരക്ഷണം നൽകുന്നുണ്ട്. ഇതോടൊപ്പം പത്തോളം മറ്റു വിപത്തുകളിൽ നിന്നും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഭവന ഇൻഷൂറൻസ് പരിരക്ഷ നൽകുന്നു. തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവമൂലം വീടിനുള്ളിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന വിലപിടിച്ച വസ്തുക്കൾക്ക് സംഭവിച്ചേക്കാവുന്ന കേടുപാടുകൾക്കും പരിരക്ഷ ലഭിക്കുന്നതാണ്. ഇതിനായി ഈ വസ്തുക്കളുടെ വിവരങ്ങൾക്കൂടി ഭവന ഇൻഷൂറൻസിൽ ഉൾപ്പെടുത്തണം. ഭവന ഇൻഷൂറൻസ് എടുക്കുന്ന സമയത്ത് ഏതൊക്കെ അധിക വിപത്തുകളുടെ പരിരക്ഷയാണ് പോളിസിയിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലാക്കുക.



**തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവമൂലം വീടിനുള്ളിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന വിലപിടിച്ച വസ്തുക്കൾക്ക് സംഭവിച്ചേക്കാവുന്ന കേടുപാടുകൾക്കും പരിരക്ഷ ലഭിക്കുന്നതാണ്.**

### പ്രീമിയം

ഇൻഷൂറൻസ് ചെയ്യുന്ന വസ്തുക്കളുടെ മൂല്യം ഏതൊക്കെ വിപത്തുകളിൽ നിന്നുമാണ് നിങ്ങളുടെ ഭവനത്തിന് പരക്ഷ ആവശ്യമുള്ളത് എന്നതിനെ ആശ്രയിച്ചായിരിക്കും പ്രീമിയം തുക നിർണയിക്കപ്പെയുന്നത്. കവറേജ് ലഭ്യമായ വിപത്തുക്കളെക്കുറിച്ച് കമ്പനിയുടെ വിവരണം കൃത്യമായി വായിച്ച് മനസ്സിലാക്കുക. ഓരോ തരം നഷ്ടങ്ങൾക്കും പ്രത്യേകം വകുപ്പുകൾ ഉൾപ്പെടുത്തിയാണ് പരിരക്ഷ ലഭിക്കുന്നത്. നിങ്ങൾക്കാവശ്യമായ പരിരക്ഷ മാത്രം തിരഞ്ഞെടുക്കുക.

പ്രീമിയം കുറക്കാൻ പല വഴികളുമുണ്ട്. നിങ്ങളുടെ ഭവനത്തിൽ സ്ഥാപിച്ചിരിക്കുന്ന പലവിധ സുരക്ഷാ സംവിധാനങ്ങൾക്കനുസരിച്ച് നിങ്ങളുടെ പ്രീമിയം തുകയിൽ വ്യത്യാസം വരാം. ഉദാ: നിങ്ങളുടെ വീട്ടിൽ ഫയർ അലാറം, ബർഗ്ളർ അലാറം തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലൂടെ നിങ്ങളുടെ പ്രീമിയം തുക കുറക്കാൻ സാധിക്കും. അതുപോലെ നിങ്ങൾക്ക് ഉപയോഗമില്ലാത്ത ആഡ് ഓൺ കവറേജുകൾ തിരഞ്ഞെടുക്കാതിരിക്കുക. ഉദാ. നിങ്ങൾ സമാധാനപരമായ ഒരു മേഖലയിൽ ആണ് ജീവിക്കുന്നതെങ്കിൽ നിങ്ങൾക്ക് ടെററിസം കവറേജിന്റെ ആവശ്യമില്ല.

വാടക വീട്ടിൽ താമസിക്കുമ്പോൾ ഭവന ഇൻഷൂറൻസ് വാടകവീട്ടിൽ താമസിക്കുന്നവർക്കും എടുക്കാം. വാടകവീട്ടിൽ താമസിക്കുന്നവർ വീട്ടുസാധനങ്ങളും ഉപകരണങ്ങളും മാത്രം ഉൾപ്പെടുത്തിയിട്ടുള്ള പോളിസിയാണ് എടുക്കേണ്ടത്. വാടക വീട് മാറുമ്പോൾ പോളിസികൾ പുതിയ മേൽവിലാസത്തിലേക്ക് മാറ്റാവുന്നതാണ്.

### മോഷണത്തിൽ നിന്നും പരിരക്ഷ

പ്രകൃതിദുരന്തത്തിൽ നിന്നും മാത്രമല്ല ഭവന ഭേദനം, മോഷണം മൂലം വീട്ടിലുള്ള വിലപിടിച്ച വസ്തുക്കൾക്കും ഉണ്ടാകുന്ന നഷ്ടങ്ങൾക്കും ഭവന ഇൻഷൂറൻസ് പരിരക്ഷ നൽകുന്നതാണ്. പ്രീമിയം തുക കുറക്കുവാൻ വേണ്ടി വീട്ടിലെ വിലപിടിച്ച വസ്തുക്കൾ മാത്രം ഇൻഷൂർ ചെയ്യുക.

### ക്ലെയിം തീർപ്പാക്കൽ

ഇൻഷൂർ ചെയ്യുന്ന ഭവനത്തിന് നാശനഷ്ടം ഉണ്ടായാൽ ഇൻഷൂറൻസ് കമ്പനിയെ എത്രയും പെട്ടന്ന് അറിയിക്കണം. പോളിസി ഹോൾഡർ നാശനഷ്ടം സംബന്ധിച്ച വിവരങ്ങൾ ക്ലെയിം ഫയൽ ചെയ്തതിനു ശേഷം നഷ്ടത്തിന്റെ കണക്കെടുപ്പിനായി ഉരു സർവെയറെ അയയ്ക്കുന്നതാണ്. ക്ലെയിം ലഭിക്കുന്നതിനായി സർവെയറുടെ റിപ്പോർട്ട് ആവശ്യമാണ്. ഈ റിപ്പോർട്ട് ഇൻഷൂറൻസ് കമ്പനി തുക അനുവധിച്ചു തരുന്നതാണ്.

### പോളിസി എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

പോളിസി എടുക്കുന്നതിനു മുൻപ് എന്തൊക്കെ പരിരക്ഷ ആവശ്യമാണെന്ന് തീരുമാനിക്കണം. കവറേജ് ലഭ്യമായ വിപത്തുക്കളെ സംബന്ധിച്ച ഇൻഷൂറൻസ് കമ്പനിയുടെ വിവരണം കൃത്യമായി മനസ്സിലാക്കുക.

നമ്മുടെ നാട്ടിൽ അടുത്തുണ്ടായ പ്രകൃതിക്ഷേഭത്തിൽ നിരവധി വീടുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഒരു ജീവിത കാലം മുഴുവനുമുള്ള സമ്പാദ്യമാണ് പലർക്കും വീട്. അതുകൊണ്ടുതന്നെ ഇൻഷൂറൻസ് പദ്ധതിയിൽ ചേരുന്നത് വളരെ യുക്തിപരമായൊരു കാര്യമാണ്.




സിയാലിൽ നിന്ന് വിരമിച്ച സിവിൽ വിഭാഗം സീനിയർ സൂപ്രണ്ട് ഇന്ദിര പി.കെ.യ്ക്ക് കമ്പനിയുടെ ഉപഹാരം മാനേജിങ് ഡയറക്ടർ വി.ജെ.കുര്യൻ നൽകുന്നു.



ഇന്ദിര പി.കെ. സിവിൽ വിഭാഗത്തിലെ സഹപ്രവർത്തകർക്കൊപ്പം.



### സ്വർണ്ണ മെഡൽ

ദക്ഷിണകൊറിയയിൽ ഷുങ്ജുവിൽ നട വേൾഡ് ഫയർ ഫൈറ്റേഴ്സ് ഗെയിംസിൽ സോഫ്റ്റ്ബോളിൽ സ്വർണമെഡലും ആം റെസ്‌ലിങ്ങിൽ നാലാംസ്ഥാനവും നേടിയ ജിസൺ സ്റ്റീഫൻ. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലെ അഗ്നിരക്ഷാ ദൗത്യ വിഭാഗത്തിൽ സീനിയർ അസിസ്റ്റന്റാണ് ജിസൺ



### ഓപ്പൺ ചെസ്സ് മത്സരം

ഫിലഡെൽഫിയയിൽ നടന്ന ഓപ്പൺ ചെസ് ചാമ്പ്യൻഷിപ്പിൽ വിജയിച്ച റോഹിത് ശശികുമാർ. സിയാൽ എ.ആർ.എഫ്.എഫ് സീനിയർ സൂപ്രണ്ട് ശശികുമാറിന്റെ മകനാണ്



**നവദമ്പതിമാർ**
ജെറിൻ ജോൺ പാറയ്ക്കലും (ജൂനിയർ മാനേജർ, സിയാൽ ഇൻഫ്ര) ഡോ.ഡിംപിൾ റോസ് ജേക്കബും




**ചിത്രരചന**
ലിയോൺ ചെറിയാൻ (മൂന്നാംക്ലാസ്). സിയാൽ ഇലക്ട്രിക്കൽ സീനിയർ മാനേജർ രാജുമോൻ പി.സി.യുടെ മകൻ

## പുതുമുഖങ്ങൾ
### ജൂനിയർ മാനേജർ ട്രെയിനി


അക്ഷയ് കെ.എസ്.


അരുൾ വി.


ബി. കുര്യൻ


ഫെമ ചിന്നു എബ്രഹാം


ഗൗതം എച്ച്.


ഗായത്രി രവീന്ദ്രൻ നായർ


ജെം ജേക്കബ് ജോർജ്ജ്


മഹാദേവൻ എൻ.


മഞ്ജു ബോബൻ


പോൾസൺ എബ്രഹാം


ഫിലിപ്പ് ജിതിൻ പോൾ


പ്രാൺ കെ. പിള്ള


റിയ രാജ്


സൗനിക്



# മന:സാക്ഷിയുടെ മാസാന്തരം

ഒരുമാസം ചരിത്രത്തിലെ വലിയൊരു കാലയളവല്ല. മഹാസമുദ്രത്തിലെ ഒരു തിരപോലെ ക്ഷണികം. 2018 ലെ ഓഗസ്റ്റ്-സപ്റ്റംബർ കേരളത്തിന്റെ ചരിത്രത്തിൽ പക്ഷേ അത്ര ക്ഷണികമല്ലാത്ത ചില പ്രത്യാശകളും മുറിവുകളും ശേഷിപ്പിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ നിർണായകമാവുകയാണ് ഈ രണ്ടുമാസങ്ങളിലെ മുപ്പത് ദിനങ്ങൾ.

ഓഗസ്റ്റിൽ വെള്ളപ്പൊക്കമുണ്ടായി. സെപ്റ്റംബറിൽ ശബരിമലയിലെ യുവതീ പ്രവേശന വിവാദവും. പ്രളയ ദുരിതത്തെ സംസ്ഥാനം ഒറ്റക്കെട്ടായി നേരിട്ടു. മതവും ജാതിയും ഉപജാതിയും കുലവുമെല്ലാം അതിജീവനത്തിന്റെ സ്നഹപ്രവാഹത്തിൽ അപ്രത്യക്ഷമായി. സദാ മൊബൈൽ ഫോണിൽ നോക്കി നടക്കുന്നുവെന്ന് പേരുദോഷം കേൾപ്പിച്ച കൗമാരക്കാർ ഇതാദ്യമായി സമൂഹത്തിന്റെ വിശാല സ്ക്രീനിലേയ്ക്കിറങ്ങി. തീൻമേശയ്ക്ക്  മുന്നിലിരുന്ന് ഒരു ഗ്ലാസ് വെള്ളത്തിനായി അമ്മയെ മുതൽ അമ്മൂമ്മയെ വരെ വിളിക്കുന്ന മടിയൻമാരും മടിച്ചികളും ആരും പറയാതെ ദുരിതാശ്വാസ പ്രവർത്തനത്തിനിറങ്ങി.  കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള  ക്യാമ്പുകളിൽ അവശ്യ സാധനങ്ങൾ നിറഞ്ഞുകവിഞ്ഞു. യുവതലമുറയെ വഴിതെറ്റിക്കുന്നുവെന്ന് കുറ്റം കേൾക്കുന്ന മൊബൈൽ ഫോൺ ഇതാദ്യമായി സമൂഹത്തിന്റെ നന്മയക്ക് ഉപകരിക്കപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും അടിയന്തിര വസ്തുക്കളുടെ വിതരണത്തിനും കൗമാരക്കാർ കാണിച്ച ഉത്സാഹം പുതിയ തലമുറയിൽ പ്രതീക്ഷ നഷ്ടപ്പെടുന്ന പഴമക്കാരെ ഞെട്ടിച്ചു. മുഖ്യമന്ത്രിയുടെ ശക്തമായ നേതൃത്വം സർക്കാർ സംവിധാനത്തിന് പുതിയ ഉന്മേഷം നൽകി. രാഷ്ട്രീയവും മതവുമൊക്കെ  മറന്ന് കേരളം ഒറ്റക്കെട്ടായി രക്ഷാദൗത്യം ഏറ്റെടുത്തു. ഒരുവശത്ത് പ്രളയം ഏൽപ്പിച്ച  കടുത്ത ആഘാതത്തിന്റെ അനന്തര ഫലങ്ങൾ സാധാരണ ജനജീവിതത്തെ ക്ലേശിപ്പിച്ചെങ്കിലും മറുവശത്ത് ജനകീയ കൂട്ടായ്മകളുടേയും യുവാക്കളുടേയും ഇടപെടൽ കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ സജീവമാക്കി. സകലതും നശിപ്പിച്ച പ്രളയം കേരളത്തിൽ തിടം വച്ചുവളർത്തിയ നന്മയായിരുന്നു അത്.

ഒരു ദുരന്തത്തെ മാതൃകാപരമായി നേരിട്ട കേരള ജനതയുടെ വിപതി ധൈര്യം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടു. എന്നാൽ ഒരൊറ്റ മാസം കൊണ്ട് നമ്മൾ വീണ്ടും സ്വരൂപങ്ങൾ പുറത്തെടുത്തു. ശബരിമല യുവതീ പ്രവേശന വിഷയത്തിൽ കേരളം വിവാദ ഭൂമിയായി. ആചാര ലംഘനം ചർച്ചചെയ്യപ്പെടേണ്ട വിഷയമാണ്. പക്ഷേ സുപ്രീംകോടതിയ്ക്ക് മുന്നിൽ ഒരു കേസ് എത്തുമ്പോൾ, തീരുമാനത്തിലെത്താൻ ആധാരമാക്കുന്നത്  ഭരണഘടനയാണ്; മതപ്രഭാഷണമല്ല. തുല്ല്യാവകാശത്തെ നിരാകരിക്കുന്ന ഒരു ആശയത്തേയും ഭരണഘടനാ സ്ഥാപനമായ സുപ്രീംകോടതിയ്ക്ക്  സ്വീകരിക്കാനാകില്ല. അത് തികച്ചും ലളിതമായൊരു കാര്യമാണ്. നിർബന്ധിതമായി എല്ലാവരും മലയ്ക്ക്  പോകണമെന്ന് കോടതി പറഞ്ഞില്ല. വേണമെന്നുള്ളവർക്ക് പോകാം. അവർക്ക് സംരക്ഷണം നൽകേണ്ട ചുമതല സർക്കാരിനുണ്ട്. നമ്മുടെ സർക്കാരും അത് തന്നെയേ ചെയ്തിട്ടുള്ളൂ. ഒരു പ്രളയം പോലെയാണ് വിവാദമുണ്ടായത്. ക്ഷേത്ര പ്രവേശന വിളംബരം മുതൽ അയിത്തോച്ചാടനം വരെയുള്ള നവോത്ഥാന പ്രക്രിയ നടന്നപ്പോഴൊക്കെ എതിർപ്പുകൾ ഉണ്ടായി. സ്വയം അകറ്റി നിർത്തപ്പെട്ടവർ പോലും പതുക്കെയാണ് തങ്ങൾക്കുള്ള അനുകൂല സാഹചര്യത്തെ ഉപയോഗപ്പെടുത്തിയത്. ഒറ്റയടിയ്ക്ക് എല്ലാം തകർത്ത പ്രളയം നേരിടാൻ കേരള ജനത അതിവേഗം ഉണർന്നു പ്രവർത്തിച്ചു. പതുക്കെയെങ്കിലും ഈ വിവാദവും അവസാനിക്കും. നമ്മൾ ഉണരും. കാരണം മാനവിക ചരിത്രം മുന്നോട്ടാണ് പോകുന്നത്. ചിലപ്പോൾ വേഗം കുറയുമെന്ന് മാത്രം. ആ വേഗക്കുറവാകും ഇപ്പാൾ.



**പി.എസ്.ജയൻ**


GALAXY JEWELS ASRTD 650GM
BUY 2 GET 1 FREE
JEWELS
Best Price, Great Convenience, Global Shopping
cochindutyfree.com facebook.com/CochinDutyFree
cochin
DUTY FREE


KITKAT 2FB OUTERS/ 2FB COOKIES OUTERS
2F ORANGE OUTER 36x20.8 GM
BUY ANY 2 GET 1 FREE
Best Price, Great Convenience, Global Shopping
cochindutyfree.com facebook.com/CochinDutyFree


cochin
DUTY FREE
TOBLERONE
BUY ANY 3
GET 1 FREE
#DeliciousDeals
Best Price,Great Convenience,Global Shopping
cochindutyfree.com facebook/CochinDutyfree


Quality Street
BUY 1 GET 20% OFF
NESTLE QUALITY STREET SHARING B 750GM
Best Price,Great Convenience,Global Shopping
cochindutyfree.com facebook/CochinDutyfree


24th ANNUAL
Cochin Internati
29th Sep